കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**[www.lfa.kerala.gov.in](http://www.lfa.kerala.gov.in)**

വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

**2016-2017**

ജില്ലാ ഓഡിറ്റ് കാര്യാലയം**,**

തിരുവനന്തപുരം**.**

**e-mail:lfadtvm@yahoo.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1660/2017

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി: 10.08.2017

ഫോൺ-0471-2331231

ഇ-മെയിൽ- lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

വെങ്ങാനൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് . ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1660/2017 തീയതി: 10.08.2017

തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016മുതൽ 16.05.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണ കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പു കളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരി ക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ ജമാലുദ്ദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 17.05.2017മുതൽ 25.05.2017വരെ

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി .ശ്രീജ.കെ.(ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ))<br>ശ്രീ.സഞ്ജയ്.പി.ഐ. (അസി:ഓഡിറ്റ് ഓഫീസർ)<br>ശ്രീമതി .സ്വപ്ന.ആർ.കെ,<br>(അസി: ഓഡിറ്റ് ഓഫീസർ)<br>ശ്രീ .അരുൺ.സി.എസ്,<br>(സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീമതി.ജയലക്ഷ്മി.ബി.കെ,<br>(സീനിയർ ഗ്രേഡ് ഓഡിറ്റർ) |

(ബി)നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി.ജി.എസ്.ശ്രീകല, 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.എസ്.പ്രേം, 01.04.2016 മുതൽ 31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.സരിത | 01.04.2016 മുതൽ 22.7.2016 വരെ |
| | ശ്രീ.രാജേഷ് | 23.7.2016മുതൽ 31.3.2017 വരെ |
| ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്, നെല്ലിവിള | ശ്രീമതി.ലതിക | 01.04.2016മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഫാത്തിമബീവി.എ | 01.04.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ഡോ.സജിത ബീഗം | 01.04.2016 മുതൽ 07.05.2016 വരെ |
| | ഡോ.വർഷിത ഉണസെൽവി | 08.05.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. മനോജ്.ജി.എസ്. | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.എസ്.എസ്.സുനിത | 01.04.2016 മുതൽ 31.03.2017 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.താഹിറബീവി | 01.04.2016മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| വി.ഇ.ഒ | ശ്രീ.എസ്.ജി.സജി | 01.04.2016മുതൽ 31.03.2017വരെ |
| | ശ്രീമതി.ശ്രീദേവി | 01.04.2016മുതൽ 20.06.2016 വരെ |
| | ശ്രീമതി.റീന | 21.06.2016മുതൽ 31.3.2017 വരെ |
| | ശ്രീമതി.സംഗീത | 08.06.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ഹരിപ്രിയ ദേവി | 01.04.2016മുതൽ 31.03.2017വരെ |


ഉള്ളടക്കം

| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |

| | | | |
|---|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം - 2 | | |
| 12 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ | 2-1 | |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-2 | |
| 14 | സ്വകാര്യ ആശുപത്രിയിലെ ഡോക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 2-3 | |
| 15 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 2-4 | |
| 16 | ആദായ നികുതി ഈടാക്കിയില്ല | 2-5 | |
| | ഭാഗം-3 | | |
| 17 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർവാങ്ങൽ പദ്ധതി- ഫർണിച്ചർ വിതരണം ചെയ്തില്ല | 3-1 | |
| 18 | പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്കുള്ള ധനസഹായം | 3-2 | |
| 19 | കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതികൾ | 3-3 | |
| 20 | രോഗം ബാധിച്ച തെങ്ങ് മുറിച്ചുമാറ്റൽ- തെങ്ങിൻതൈ വിതരണം ചെയ്തില്ല- 6,844/- രൂപ തടസ്സത്തിൽ വയ്ക്കുന്നു | 3-4 | |
| 21 | ഹയർ ഗ്രേഡ് - തെറ്റായി ശമ്പളം നിർണ്ണയിച്ചു | 3-5 | |
| 22 | അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി | 3-6 | |

| | | | |
|---|---|---|---|
| | സ്വീകരിക്കേണ്ടതാണ് | | |
| 23 | വിവിധ ആരോഗ്യസ്ഥാപനങ്ങളിലേക്ക് മരുന്ന ലഭ്യമാക്കുന്നതിൽ കാലതാമസം | 3-7 | |
| 24 | പാലിയേറ്റീവ് തുടർപരിചരണം- 1,00,000/- രൂപയുടെ ചെലവ് തടസ്സത്തിൽ | 3-8 | |
| 25 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-9 | |
| 26 | പൊതുമരാമത്ത് പ്രവൃത്തികൾ | 3-10 | |
| 27 | താമസയോഗ്യമല്ലാത്ത സ്ഥലം പൊന്നുംവിലയ്ക്ക് വാങ്ങി മാർഗ്ഗരേഖാ ലംഘനം | 3-11 | |
| | ഭാഗം - 4 | | |
| 28 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 29 | ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 33 | ഓഡിറ്റ് റിക്കവറി | 4-6 | |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 08/03/2016 തീയതിയിലെ 1ാം നമ്പർ തീരുമാന പ്രകാരം വോട്ട് ഓൺ അക്കൌണ്ട് ആയി പാസ്സാക്കി. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)

52606378/- രൂപയും ചെലവ് 35989090/-രൂപയും നീക്കിയിരിപ്പ് 16617288/- രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

അനുബന്ധമായി ചേർത്തിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് : 15727080.00

വരവ് : 70569352.00

ആകെ : 86296432.00

ചെലവ് : 72191839.00

നീക്കിയിരിപ്പ് : 14104593.00

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 15206342 | 15206342 | 15206342 | 0 | 100% |
| വികസനഫണ്ട് എസ്.സി.പി. | | 10079534 | 10079534 | 10079534 | 0 | 100% |
| വികസനഫണ്ട് ടി.എസ്.പി. | | 36978 | 36978 | 36978 | 0 | 100% |
| സംരക്ഷണഗ്രാന്റ് റോഡ് | | 5998341 | 5998341 | 5998341 | 0 | 100% |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | | 3033733 | 3033733 | 3033733 | 0 | 100% |

| | | | | | | |
|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 7720889 | 7720889 | 7720889 | 0 | 100% |
| പെർഫോമൻസ് ഗ്രാന്റ് | | 1558066 | 1558066 | 1558066 | 0 | 100% |
| എം.എൻ.ആർ. ഇ.ജി.എസ് | 30515 | 1728621 | 1759136 | 1625944 | 133192 | |
| ബി ഫണ്ട് | 0 | | | | 0 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 3839972 | 11193732 | 15033704 | 14254724 | 778980 | |
| തനത് ഫണ്ട് മറ്റുള്ളവ | 11856593 | 12952556 | 24809149 | 11616728 | 13192421 | |
| ആകെ | 15727080 | 70569352 | 86296432 | 72191839 | 14104593 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 193 | 77949405 | 119 | 51841191 | 13 | 61 | 62 |

## 1-7 തനതുവരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | | | |
| തൊഴിൽ നികുതി | 1222460 | 1317562 | 95102 |
| കെട്ടിട നികുതി | 2044365 | 4065740 | 2021375 |
| നികുതിയേതര വരവുകൾ | | | |
| ലേലം | 5160 | 3900 | -1260 |
| ഷോപ്പിംഗ് കോംപ്ലക്സ് | 9374 | 12276 | 2902 |
| ഡി & ഒ | 74060 | 86450 | 12390 |

| | | | |
|---|---|---|---|
| ലൈസൻസ് | | | |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 820560 | 448 |
| കർഷക തൊഴിലാളി പെൻഷൻ | 2319470 | 1099 |
| വിധവാപെൻഷൻ | 14447180 | 6128 |
| വാർദ്ധക്യകാല പെൻഷൻ | 21960660 | 7965 |
| വികലാംഗ പെൻഷൻ | 3834010 | 1444 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 240000 | 8 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 378100 | 158 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.05.2017 രാവിലെ 11.45 മണിക്ക് സ്ഥാപനത്തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17,511/- രൂപ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

തൊഴിൽ നികുതി രജിസ്റ്ററുകൾ, ട്രേഡേഴ്സ് രജിസ്റ്ററുകൾ, തനത് വരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ എന്നിവ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കേണ്ടതും റോഡ് തുടർ നിർമ്മാണം , മെയിന്റനൻസ് പണികൾ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ പരിശോധിച്ച് മുൻഗണനാക്രമം പാലിച്ച് നിർവ്വഹിക്കേണ്ടതുമാണ്.

ഗുണഭോക്തൃ സമിതി കൺവീനർ മുഖേന നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ ചട്ടങ്ങളിലെ വകുപ്പ് (13)പ്രകാരവും സംസ്ഥാന ആസൂത്രണബോർഡ് 1999 ജിസംബറിൽ പ്രസിദ്ധീകരിച്ച മാർഗ്ഗരേഖ പ്രകാരവുമുള്ള വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികൾ ഭൂരിഭാഗവും ബഹുവർഷപ്രോജക്ടായി നടപ്പിലാക്കുന്ന പ്രവണത കാണുന്നു. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-10 കാണുക കാർഷികമേഖലയുടെ പുരോഗതിക്കുതകുന്ന പ്രോജക്ടുകൾ അടങ്കലിന്റെ 20% മാത്രം ചെലവാക്കിയതായി കാണുന്നുള്ളൂ.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.03.2017 | 1.12.2016 മുതൽ 31.01.2017 വരെ | 05.05.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.06.2015 | 2010-11 മുതൽ 2014-15 വരെ | 13.08.2015 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ

2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. വസ്തു നികുതി സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയറിലെ തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

2. തൻവർഷം നിരവധി നിർമ്മാണ പ്രവർത്തികൾ, റോഡ് കോൺക്രീറ്റ്, ടാറിംഗ് മുതലായവ നടപ്പാക്കിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികളുടെ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല.

3. Income & expenditure സ്റ്റേറ്റ്മെന്റ് പ്രകാരം Income -ത്തിനേക്കാൾ കൂടുതൽ expenditure വരുന്നു. (വ്യത്യാസം 16,31,726/-)

4. 2015-16-ലെ General ledger trial balance-ലെ Excess of income over expenditure നീക്കിയിരിപ്പ്

തുക (15521/-)2016-17 general ledger trial balance-ലെ Excess of income over expenditure മുന്നിരിപ്പുമായി (18157873/-) പൊരുത്തപ്പെടുന്നില്ല.

5. EMS loan അടവ് തുക 409600/-ഹെഡ് മാറി RP-18-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 2-2 തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

- വെങ്ങാനൂർ കോ-ഓപ്പറേറ്റീവ് റൂറൽ ഡെവലപ്മെന്റ് സൊസൈറ്റി
- MNREGSവെങ്ങാനൂർ
- വെറ്റിനറി ആശുപത്രി വെങ്ങാനൂർ
    - ക്ഷീരോത്പാദന സഹകരണ സംഘം, കോവളം

മേൽപ്പറഞ്ഞിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ആകെ അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 2-3 സ്വകാര്യ ആശുപത്രിയിലെ ഡോക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ഡോക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

- ശില്പ ബി സുരേന്ദ്രൻ, ശിവദാ ആയുർവേദിക് സെന്റർ
- അരവിന്ദ് കൃഷ്ണ, കേരളാ മൾട്ടി സ്പെഷ്യലിറ്റി ഡെന്റൽ സെന്റർ
- ആനന്ദ് പി, ഹരിത ആയുർവേദിക് സെന്റർ
- ജീന കൊട്ടുവത്ത് ജേക്കബ് , ജേക്കബ് ഡെന്റൽ സെന്റർ
- സുജിത് എ, ഹിൽ ഗാർഡൻ ആയുർവേദിക് റിസോർട്ട്
- പുഷ്പ സ്റ്റുവർട്ട്, ഗൗരിപ്രകാശ് ആശുപത്രി
- ഉദയ സുധ. ശിവാലയ ആയുർവേദിക് റിസോർട്ട്
- മോഹനൻ പി എം, പാരമ്പര്യ വൈദ്യ ശാല
- തിരുപ്പതി , കാരുണ്യ പോളി ക്ലിനിക്
- സെന്താമരൈ, കാരുണ്യ പോളി ക്ലിനിക്ക്
- മാമ്മൻ എം റ്റി, അമ്മ ആശുപത്രി
- സന്തൂപ്, എസ്. ജെ. ആശുപത്രി

മേൽ പറഞ്ഞിട്ടുള്ളവരിൽ നിന്ന് അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-4 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2016-17 സാമ്പത്തിക വർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

- ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് കോവളം I , II
- ആന്ധ്ര ബാങ്ക് I, II
- കാനറാ ബാങ്ക് I, II
- മുത്തൂറ്റ് മെർക്കന്റില് ലിമിറ്റഡ് വെങ്ങാനൂർ, I, II
- വെങ്ങാനൂർ കോ-ഓപ്പറേറ്റീവ് റൂറൽ ഡെവലപ്മെന്റ് സൊസൈറ്റി , I, II
- മുത്തൂറ്റ് മെർക്കന്റില് ലിമിറ്റഡ്, പെരിങ്ങമ്മല, I, II
- കോട്ടേജ് ഇൻഡസ്ട്രീസ് എക്സ്പോസിഷൻ ലിമിറ്റഡ് കോവളം , I , II
- ക്ഷീരോത്പാദന സഹകരണ സംഘം കോവളം , I, II

മേൽ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 2-5 ആദായ നികുതി ഈടാക്കിയില്ല

ചെക്ക് നമ്പർ : 003550 തീയതി 22 .03 .2017 തുക : 21500

വൗച്ചർ നമ്പർ: 21600311 തീയതി: 11 .08 .2016 തുക : 9000

വൗച്ചർ നമ്പർ: 21600325 തീയതി: 18.09.2016 തുക : 11000

വൗച്ചർ നമ്പർ: 21600489 തീയതി: 20.10.2016 തുക : 10000

ചെക്ക് നമ്പർ : 003062 തീയതി 12.01.2017 തുക : 13500

പഞ്ചായത്തിന്റെ വിവിധ കേസുകൾ കൈകാര്യം ചെയ്തതിനു പ്രതിഫലമായി 65000 രൂപ വക്കീലിന് നൽകിയിട്ടുണ്ട്. ഇങ്ങനെ പ്രതിഫലം നൽകുമ്പോൾ ആദായ നികുതി നിയമം സെക്ഷൻ 194 ജെ അനുസരിച്ചുള്ള ആദായ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. ആദായ നികുതിയിനത്തിൽ നഷ്ടമായ 6500/-രൂപ ബന്ധപ്പെട്ടവരിൽ നിന്നീടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്ക് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട സെക്രട്ടറിയുടെ ബാദ്ധ്യതയായി നിലനിൽക്കുന്നതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർവാങ്ങൽ പദ്ധതി-ഫർണിച്ചർ വിതരണം ചെയ്തില്ല

പ്രോജക്ട് നം : S0058/17

പ്രോജക്ട് വിഭാഗം : SCP

നിർവഹണം : ഹെഡ്മാസ്റ്റർ, ഗവ.LPS നെല്ലിവിള

അടങ്കൽ തുക : 3,00,000(വികസനഫണ്ട് -SCP)

ബിൽ നം/തീയതി : 1/16-17 തീ: 30.3.17

വെങ്ങാനൂർ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നുംവാർഷിക വരുമാനം 50000 രൂപയിൽ കുറവുള്ള പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളിലെ കുട്ടികൾക്ക് സ്റ്റഡി ടേബിൾ, കസേര എന്നിവ നൽകുന്നതിന് വിഭാവനം ചെയ്ത പദ്ധതിയാണിത്. ഒരു യൂണിറ്റിന് 5000/-രൂപ നിരക്കിൽ 60 എണ്ണം ഫർണിച്ചർ സർക്കാർ ഓട്ടോണമസ് സ്ഥാപനങ്ങളിൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് വികസനഫണ്ടിൽ (SCP)നിന്ന് 3,00,000 രൂപ ആകെ അടങ്കൽ വകയിരുത്തിയതിൽ 1,80,000 രൂപയുടെ ചെലവ് നടത്തിയിട്ടുണ്ട്. ഒരുയൂണിറ്റിന് 4000 രൂപ നിരക്കിൽ 45 യൂണിറ്റ് ഫർണിച്ചറുകൾ SIDCO യിൽനിന്നും, Invoice no. MCTVM0409 തീ: 28.03.2017പ്രകാരം വാങ്ങി, 30.03.2017 ൽ ഡെലിവറി നടത്തി സ്കൂളിൽ സൂക്ഷിച്ചിരിക്കുന്നതായി, രേഖകൾ പരിശോധിച്ചതിന്റെയും, സ്ഥല പരിശോധന നടത്തിയതിന്റെയും അടിസ്ഥാനത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. 45 ഗുണഭോക്താക്കളുടെ ലിസ്റ്റ് തയാറാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ ഫർണിച്ചർ കൈമാറിയിട്ടില്ല. ഇത് സംബന്ധിച്ച് 9ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് , സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ചില സാങ്കേതിക കാരണങ്ങളാൽ യഥാസമയം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ലായെന്നും ഉടനെ തന്നെ വിതരണം ചെയ്ത് രേഖകൾ ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ ഫർണിച്ചറുകൾ

അടിയന്തിരമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്കുള്ള ധനസഹായം

പ്രോജക്ട് നം : S0062/17

പ്രോജക്ട് വിഭാഗം : പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ധനസഹായം (എസ്.സി.പി)

നിർവഹണം : ഹെഡ്മാസ്റ്റർ, ഗവ.LPS നെല്ലിവിള

അടങ്കൽ തുക : 3,00,000(വികസനഫണ്ട് -SCP)

ബിൽ നം/തീയതി : 2/16-17 തീ: 30.3.17

പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് 25000 രൂപ നിരക്കിൽ 12 പേർക്ക് ധനസഹായം നൽകുന്നതിലേക്ക് 3,00,000 രൂപ ആകെ അടങ്കൽ വകയിരുത്തിയിട്ടുള്ള പദ്ധതിയാണിത്. 20 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ നിന്ന് ഗുണഭോക്താക്കളായി ആകെ മൂന്ന് പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികളെ മാത്രമാണ് തിരഞ്ഞെടുത്തിരിക്കുന്നത്.ആയതിൽ വിദേശത്ത് പഠനം നടത്തുന്ന അശ്വതി സത്യരാജൻ എന്ന വിദ്യാർത്ഥിനിക്ക് 50,000 രൂപയും, കേരളത്തിനകത്ത് പഠനം നടത്തുന്ന ധന്യ.പി.എസ്, ലക്ഷ്മി.ജെ.വിജയൻ എന്നിവർക്ക് 25000 രൂപ വീതവും കണക്കാക്കി 1ലക്ഷം രൂപ ബിൽ നം 2/16-17 തീ: 30.3.17 പ്രകാരം വിഴിഞ്ഞം സബ് ട്രഷറിയിൽ നിന്ന് പിൻവലിച്ച് വിദ്യാർത്ഥിനികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ നടത്തിയിരിക്കുന്നു. 12 ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമാക്കേണ്ടിയിരുന്ന മേൽ പദ്ധതി ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധക്കുറവു മൂലം ഉദ്ദേശലക്ഷ്യം കണ്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആരോഗ്യ വിദ്യാഭ്യാസ കമ്മിറ്റിയുടെ27.08.2016 ലെ തീരുമാനം 1 (1a) പ്രകാരം മേൽ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചെങ്കിലും എല്ലാ വാർഡുകളിലുംവേണ്ടത്ര പ്രചാരണം ലഭിക്കാത്ത സാഹചര്യത്തിൽ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താത്തതുമൂലം പ്രസ്തുത പദ്ധതി പ്രകാരം വകയിരുത്തിയ3ലക്ഷം രൂപയിൽ 1ലക്ഷം രൂപ മാത്രമാണ് ഈ ഇനത്തിൽ നൽകാൻ കഴിഞ്ഞത്. ഭാവിയിൽ എല്ലാ വാർഡുകളിലും വേണ്ടത്ര പ്രചാരണം നടത്തി അർഹരായ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടതും, പദ്ധതി വിഹിതം മുഴുവനായി കുറ്റമറ്റ രീതിയിൽ വിനിയോഗിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിദ്യാർത്ഥികൾ ധനസഹായം കൈപ്പറ്റി എന്ന് നിർവഹണ ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ ഉറപ്പുവരുത്തേണ്ടതും, ആയതിന്റെ രേഖകൾ സൂക്ഷിക്കേണ്ടതുമാണ്.

## 3-3 കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതികൾ

2016-17 സാമ്പത്തിക വർഷത്തിൽ, പ്രാഥമിക മേഖലയായ ഉദ്പാദന മേഖലയിൽ കൃഷിക്ക് പ്രാമുഖ്യം നല്കി പഞ്ചായത്തിലെ കാർഷികോത്പാദനം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെ ധാരാളം പദ്ധതികൾ വിഭാവനം ചെയ്ത് അടങ്കൽ വകയിരിത്തിയിട്ടുണ്ടുണ്ടെങ്കിലും എങ്കിലും ഗുണഭോക്താക്കളുടെ കുറവു മൂലം പല പദ്ധതികളും ഉദ്ദേശ ലക്ഷ്യം കൈവരിച്ചിട്ടില്ലായെന്ന് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പ്രോജക്ട് നമ്പർ S0101/17 - തരിശുഭൂമി കൃഷിയോഗ്യമാക്കൽ- പച്ചക്കറിക്കൃഷി- എന്ന പദ്ധതി പ്രകാരം 2,38,214 രൂപ(185714/- പ്ലാൻ ഫണ്ട്+52500 ഗുണഭോക്തൃ വിഹിതം)ആകെ അടങ്കൽ വകയിരുത്തി 100 കർഷകർക്ക് പ്രയോജനം ലഭിക്കാൻ വിഭാവനം ചെയ്ത പദ്ധതിയിൽ വെറും 9 ഗുണഭോക്താക്കൾ മാത്രമാണുള്ളത്.

കൃഷി ഓഫീസർ നിർവ്വഹിച്ച വിവിധ പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/നമ്പർ | വികസന ഫണ്ട് (സാധാ. വിഹിതം)രൂ | ഗുണഭോക്തൃ വിഹിതം | ആകെ അടങ്കൽ | ചെലവ് | ചെലവ് % |
|---|---|---|---|---|---|---|
| 1 | പച്ചക്കറി ഗ്രാമം-ജൈവ പച്ചക്കറിക്കൃഷി S0053/17 | 9,49,500 | 3,16,500 | 126600 | 136500 | 14 |
| 2. | രോഗം ബാധിച്ച തെങ്ങ് മുറിച്ചുമാറ്റൽ S0063/17 | 115000 | 105000 | 220000 | 43344 | 37.6 |
| 3. | രോഗം ബാധിച്ച തെങ്ങ് മുറിച്ചുമാറ്റൽ (പട്ടികജാതി) S0064/17 | 100000 (SCP) | 90000 | 190000 | 0 | 0 |
| 4. | ജൈവസമൃദ്ധി (വനിത) S0082/17 | 238500 (ജില്ലാ പഞ്ചായത്ത്) | 94500 | 333000 | 238500 | 100 |
| 5 | തരിശുഭൂമി കൃഷിയോഗ്യമാക്കൽ (വാഴക്കൃഷി) S0089/17 | 168750 | 36250 | 225000 | 85500 | 50 |
| 6 | തരിശുഭൂമി കൃഷിയോഗ്യമാക്കൽ (പച്ചക്കറിക്കൃഷി) S00101/17 | 185714 | 52500 | 238214 | 16425` | 9 |
| | | 1757464 | | | 520269 | 29.6 |

ഗുണഭോക്തൃവിഹിതം അടയ്ക്കാൻ ഗുണഭോക്താക്കൾ തയ്യാറാകാത്തതാണ് കാരണമായി ചൂണ്ടിക്കാണിയ്ക്കുന്നത്. ഏറ്റെടുത്ത പ്രോജക്ടുകൾക്ക് സബ്സിഡി നൽകി പൂരകമായോ അനുപൂരകമായോ മുതൽ മുടക്കാൻ ഗുണഭോക്താക്കളെ പ്രേരിപ്പിക്കാൻ കഴിഞ്ഞില്ല എന്നാണ് ഇതിൽ നിന്ന്

വ്യക്തമാക്കുന്നത്.

## 3-4 രോഗം ബാധിച്ച തെങ്ങ് മുറിച്ചുമാറ്റൽ- തെങ്ങിൻതൈ വിതരണം ചെയ്തില്ല- 6844/- രൂപ തടസ്സത്തിൽ വയ്ക്കുന്നു

പ്രോജക്ട് നം : S0063/17

നിർവഹണം : കൃഷി ഓഫീസർ

അടങ്കൽ തുക : 2,20,000 (115000 plan(gen) + 105000 ഗ്ര.വി)

ബിൽ നം/തീയതി : 6/16-17 തീ: 25.3.17

11/16-17 തീ: 30.3.17

13/16-17തീ: 25.3.17

കൃഷിയിൽ മുൻപരിചയമുള്ള ബി.പി.എൽ കുടുംബത്തിലെ നാളികേര കർഷകരെ ഉദ്ദേശിച്ചുള്ള പ്രസ്തുത പദ്ധതി പ്രകാരം വെങ്ങാനൂർ ഗ്രാമ പഞ്ചായത്തിലെ രോഗം ബാധിച്ച 200 തെങ്ങുകൾ മുറിച്ചുമാറ്റി പകരം 160 തെങ്ങിൻ തൈകൾ വിതരണം ചെയ്യാൻ വിഭാവനം ചെയ്തിരുന്നു. തെങ്ങൊന്നിന് 500/-രൂപ നിരക്കിൽ രോഗം ബാധിച്ച73 തെങ്ങുകൾ മുറിച്ചുമാറ്റിയിട്ടുണ്ട്. ആയതിൻപ്രകാരം ബന്ധപ്പെട്ട വ്യക്തികൾക്ക് പ്രസ്തുത തുക അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. മുറിച്ചുമാറ്റിയ തെങ്ങിന് പകരം ഗുണഭോക്താക്കൾക്ക് നൽകേണ്ട 73തെങ്ങിൻ തൈകൾ വെള്ളായണി കാർഷിക കോളേജിൽ നിന്ന് 125/-രൂപ നിരക്കിൽ 9125/-രൂപക്ക് (6844+2281) വാങ്ങിയിട്ടുണ്ടെങ്കിലും വിതരണം നടത്തിയിട്ടില്ല എന്ന് കാണുന്നു. കൂടാതെ സ്റ്റോക്ക് രജിസ്റ്റർ ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ, കൈപ്പറ്റ് രേഖ എന്നിവ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല. വിതരണം ചെയ്യാത്ത തെങ്ങിൻ തൈകളുടെ വിലയായ 6844രൂപ തടസത്തിൽ വയ്ക്കുന്നു. വിതരണം ചെയ്യാത്ത തെങ്ങിൻ തൈകൾ അർഹതയുള്ളവർക്ക് വിതരണം ചെയ്ത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 ഹയർ ഗ്രേഡ് - തെറ്റായി ശമ്പളം നിർണ്ണയിച്ചു

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവ് പ്രകാരം ശ്രീമതി. ബീവി, ഓഫീസിൽ അറ്റൻഡന്റ്ന 20.05.2013 പ്രാബല്യത്തിൽ 15 വർഷത്തെ ഹയർ ഗ്രേഡ് അനുവദിച്ചു. സ.ഉ(പി) : 85/11/ധന തീയതി 26.02.2011 ഖണ്ഡിക 41 പ്രകാരം റൂൾ 28 A കെ എസ് ആർ പാർട്ട് I ഓപ്ഷൻ ബി അനുസരിച്ചാണ് ടിയാരിക്കു ശമ്പളം നിർണ്ണയിച്ചത്. എന്നാൽ ഹയർ ഗ്രേഡ് അനുവദിക്കുമ്പോൾ സ.ഉ(പി) : 85/11/ധന തീയതി 26.02.2011 Annexure 3 ഖണ്ഡിക 10 പ്രകാരം റൂൾ 28 Aകെ എസ് ആർ പാർട്ട് I (റീഫിക്സേഷൻ ഇല്ലാതെ) അനുസരിച്ചാണ് ശമ്പളം നിർണ്ണയിക്കേണ്ടത്. ആയതിനാൽ മേൽപ്പറഞ്ഞ ശമ്പള നിർണ്ണയം റദ്ദ് ചെയ്തു സ.ഉ(പി) : 85/11/ധന തീയതി 26.02.2011 Annexure 3 ഖണ്ഡിക 10 പ്രകാരം റൂൾ 28 Aകെ എസ് ആർ പാർട്ട് I (റീഫിക്സേഷൻ ഇല്ലാതെ) പ്രകാരം ശമ്പളം നിർണ്ണയിച്ചു അധികമായി നൽകിയ തുക ടിയാരിയിൽ നിന്നും തിരിച്ചടക്കേണ്ടതാണ്.

## 3-6 അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽ ആകെ 34 അംഗൻവാടികളുള്ളതിൽ 21 എണ്ണം വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. മൂന്ന് അംഗൻവാടികൾക്ക് ശുദ്ധജലലഭ്യതയും, രണ്ട്

എണ്ണത്തിൽ വൈദ്യുത കണക്ഷനമില്ല. 82-ാം നമ്പർ അംഗൻവാടിക്ക് കെട്ടിടം നിർമ്മിച്ചത് പൂർത്തീകരിക്കാതെ ഉപേക്ഷിച്ച നിലയിലാണ്. 25.05.2017 ന് നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത കെട്ടിടം തുടർപണിചെയ്യാതെ കാട്ടുകയറികിടക്കുന്നതായി കാണാൻ സാധിച്ചു. നിലവിൽ പ്രസ്തുത അംഗൻവാടി, ഷീറ്റ് മേഞ്ഞ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അംഗൻവാടിക്കായി നിർമ്മിച്ച കെട്ടിടത്തിന്റെ പണി അടിയന്തിരമായി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കാൻവേണ്ട തുടർനടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 96-ാം നമ്പർ അംഗൻവാടിക്ക് നിലവിൽ വഴി സൗകര്യമില്ലായെന്ന് സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. മുൻപുണ്ടായിരുന്ന വഴി സ്വകാര്യവ്യക്തി മതിലുകെട്ടി അടച്ചതിനാൽ അംഗൻവാടി കെട്ടിടത്തിലേക്ക് പ്രവേശിക്കുവാൻ മറ്റു മാർഗ്ഗങ്ങളില്ല. അംഗൻവാടിയുടെ സുഗമമായ പ്രവർത്തനത്തിനായി വഴി സൗകര്യം ലഭ്യമാക്കാൻ അധികൃതർ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 വിവിധ ആരോഗ്യസ്ഥാപനങ്ങളിലേക്ക് മരുന്നു ലഭ്യമാക്കുന്നതിൽ കാലതാമസം

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ വിവിധ ആരോഗ്യസ്ഥാപനങ്ങളിലേക്ക് മരുന്നു വാങ്ങുന്നതിനായി തുക മുൻകൂർ നൽകിയെങ്കിലും നാളിതുവരെ മരുന്നു ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | അടങ്കൽ/ ചെലവ് | നിർവ്വഹണോദ്യോഗസ്ഥൻ | തുക നൽകിയതിന്റെ വിശദാംശം | അപാകത |
|---|---|---|---|---|
| 37/17<br>(ഹോമിയോ ആശുപത്രിക്ക് മരുന്നും സൺട്രീസും വാങ്ങൽ) | അടങ്കൽ- 1,00,000<br>ചെലവ് 1,00,000 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ബിൽ നം. 11/400166 തീയതി.31.01.2017 പ്രകാരം തുക മാറി 100000/-രൂപ ഹോംകോയ്ക്ക് നൽകി | 1. ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും എൻ.എ.സി. വാങ്ങിയിട്ടില്ല<br>2.നാളിതുവരെ മരുന്നു ലഭ്യമാക്കി യിട്ടില്ല |
| 46/17<br>(ആയുർവേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ) | അടങ്കൽ- 10,00,000<br>ചെലവ് 10,00,000 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ബിൽ നം. 1/16-17 തീയതി.23.01.2017 പ്രകാരം തുക മാറി 10,00,000/- രൂപ ഔഷധിക്ക് കൈമാറുകയുണ്ടായി | 60 ദിവസ ത്തിനകം മരുന്നു വിതരണം ചെയ്യാമെന്ന് 24.01.2017-ൽ ഔഷധി |

| | | | | |
|---|---|---|---|---|
| | | | | യുമായി കരാറിലേർപ്പെട്ടെങ്കിലും 701678/- രൂപയുടെ മരുന്ന ലഭിച്ചിട്ടില്ല. ഇതിന്മേൽ യാതൊരു തുടർനടപടിയും സ്വീകരിച്ചിട്ടില്ല. |
| 52/16-17<br>(വൃദ്ധജനങ്ങൾക്ക് മരുന്ന് വാങ്ങൽ) | അടങ്കൽ- 5,00,000<br>ചെലവ് 5,00,000 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ബിൽ നം. 2/16-17 തീയതി.<br>27.02.2017 പ്രകാരം 5,00,000/- രൂപ മാറി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട് | 1. ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും എൻ.എ.സി. വാങ്ങിയിട്ടില്ല<br>2. നാളിതുവരെ മരുന്ന ലഭ്യമാക്കിയിട്ടില്ല |
| 10/16-17<br>(പാലിയേറ്റീവ് കെയർ) | അടങ്കൽ- 5,00,000<br>ചെലവ് 5,00,000 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ബിൽ നം. 3/16-17 തീയതി.17.03.2017 പ്രകാരം 4,36,900/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട് | 1. ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും എൻ.എ.സി. വാങ്ങിയിട്ടില്ല<br>2.2,19,067/- രൂപയുടെ മരുന്ന ലഭിച്ചിട്ടില്ല |

കാലതാമസം കൂടാതെ മരുന്ന് ലഭ്യമാക്കാനുള്ള തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 പാലിയേറ്റീവ് തുടർപരിചരണം- 1,00,000/- രൂപയുടെ ചെലവ് തടസ്സത്തിൽ

പ്രോജക്റ്റ് നം - 51/17 (പാലിയേറ്റീവ് തുടർപരിചരണം)

അടങ്കൽ - 1,00,000/-

ചെലവ് - 1,00,000/-

ബിൽ നം. - 4/16-17 തീയതി.24.03.2017

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ പാലിയേറ്റീവ് തുടർപരിചരണം എന്ന പ്രോജക്ടിൽ പാലിയേറ്റീവ് രോഗികൾക്കുള്ള മരുന്നു വാങ്ങുന്നതിനാണ് തുക വകയിരുത്തിയിരുന്നത്. 24.03.2017-ൽ 1,00,000/- രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ കത്ത് പ്രകാരം തുക ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണെന്നും, ആയതിന്റെ രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിരിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ 1,00,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-9 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2016-17 വർഷത്തിൽ ആകെ 266 പ്രവൃത്തികൾ നടപ്പിലാക്കി പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ആകെ 50443797/-രൂപ ചെലവഴിച്ചിട്ടുണ്ട്. 100 ദിവസം തൊഴിൽ ലഭ്യമായ ആകെ കുടുംബങ്ങളുടെ എണ്ണം 606 ഉം, നിലവിലുണ്ടായിരുന്ന ആകെ തൊഴിൽ കാർഡുകളുടെ എണ്ണം 5426 ഉം ആണ്. തൻ വർഷം പദ്ധതിക്കായി ഡിജിറ്റൽ ക്യാമറ വാങ്ങിയിട്ടുള്ളതും, ഉപയോഗിച്ചിട്ടുള്ളതും ആണ്. പദ്ധതിയുമായി ബന്ധപ്പെട്ട്പുതിയ ആസ്തികൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളിൽ BPL/SC വിഭാഗത്തിൽപ്പെട്ടവരുടെ പറമ്പ് കിളച്ച് കൃഷിക്ക് അനുയോജ്യമാക്കുക എന്നപ്രവൃത്തി ഇനത്തിൽ ആകെ100 പ്രവൃത്തികൾനടത്തുകയും, ടി പ്രവൃത്തിക്ക് 17730197/- രൂപ ആകെ ചെലവ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കനാൽ, കുളം എന്നിവ വൃത്തിയാക്കലും, സംരക്ഷിക്കലും എന്ന പദ്ധതി പ്രകാരം കനാലിന് 11 എണ്ണം പ്രവൃത്തികൾക്കായി 1443889/-രൂപയും, കുളത്തിന് 3പ്രവൃത്തികൾക്കായി 2382708/- രൂപയും ചെലവഴിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ പ്രചാരണം, സുതാര്യത എന്നിവ ഉറപ്പ് വരുത്തുന്നതിനായി, ഓരോ പ്രവൃത്തിയും ആരംഭിക്കുന്നതിന് മുൻപ് വർക്ക് സൈറ്റിൽ തൊഴിലാളികളുടേയും, നാട്ടുകാരുടേയും മീറ്റിംഗ് കൂടുന്നുണ്ടെന്നും, ഇതിൽ അതാത് വാർഡുകളിൽ തൊട്ട് മുൻപ് കഴിഞ്ഞ പ്രവൃത്തികളുടെ തൊഴിൽ ദിനങ്ങൾ, ചെലവ് എന്നിവയെക്കുറിച്ചുള്ള അവലോകനം, ഇനി ആരംഭിക്കാനുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റിനെക്കുറിച്ചുള്ള ചർച്ച എന്നിവ ഉൾപ്പെടുത്താറുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. പ്രചാരണത്തിനായി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ചുമരെഴുത്ത് നടത്താറുണ്ടെന്നും, കൂടാതെ സോഷ്യൽ ഓഡിറ്റ് നടത്താറുണ്ടെന്നും അറിയിച്ചിരിക്കുന്നു.

## 3-10 പൊതുമരാമത്ത് പ്രവൃത്തികൾ

എ) പൊതുമരാമത്ത് ഭൂരിഭാഗം പ്രവൃത്തികളും ബഹുവർഷ പ്രോജക്ടായി നടപ്പിലാക്കുന്നു.

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽ 2016-17സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് വിഭാഗത്തിൽ 109 അംഗീകൃത പദ്ധതികൾ ഉണ്ടായിരുന്നെങ്കിലും 59 എണ്ണം മാത്രമാണ് പണി പൂർത്തിയാക്കി

കൈമാറിയിട്ടുള്ളത്. ഇതിൽ ഭൂരിഭാഗം പദ്ധതികളും ബഹുവർഷ പ്രോജക്ടായി 2015-16ൽ അംഗീകാരം നേടിയവയും അതിന്റെ ബാക്കി പ്രവൃത്തികൾക്കായി 2016-17ൽ പുതിയ പ്രോജക്ട് അംഗീകരിച്ച് നടപ്പിലാക്കിയവയുമാണ്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) പുതുക്കിയ മാർഗ്ഗരേഖ ജി.ഒ. എം.എസ് 4/16 ത.സ്വ.ഭ.വ 11.1.2016 പ്രകാരം നിർവ്വഹണത്തിനായി ഒരു വർഷത്തിലധികം സമയം ആവശ്യമായതിനാലോ സാങ്കേതിക കാരണങ്ങളാലോ ഫണ്ടിന്റെ അപര്യാപ്തതയാലോ ഒരു നിർമ്മാണ പ്രവൃത്തി ഒരു വർഷത്തിലധികം സമയം കൊണ്ടു മാത്രമേ നിർവ്വഹണം നടത്താൻ കഴിയൂ എന്ന സാഹചര്യത്തിലാണ് ബഹുവർഷ പ്രോജക്ടുകൾ നടപ്പിലാക്കേണ്ടത്.
എന്നാൽ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷം നടപ്പിലാക്കിയ 59 പ്രവൃത്തികളിൽ 38 എണ്ണവും 2015-16, 2016-17 വർഷങ്ങളിലേക്കുള്ള ബഹുവർഷ പ്രോജക്ടായി അംഗീകാരം നേടിയവയാണ്. താരതമ്യേന ചെറിയ തുകകൾക്കുള്ളതും 1 മാസത്തിൽ കുറഞ്ഞ സമയം കൊണ്ട് നടപ്പിലാക്കാവുന്നതുമായ പദ്ധതികളാണ്. 2 വർഷക്കാലയളവിൽ നടപ്പിലാക്കിവരുന്നത്. ഇതിന്റെ എസ്റ്റിമേറ്റ് അംഗീകരിക്കുമ്പോൾ ഓരോ വർഷവും ചെയ്ത് തീർക്കേണ്ട പ്രവൃത്തികൾ പ്രത്യേകമായി തരംതിരിച്ച് പറയുകയോ വർക്കിംഗ് കലണ്ടർ തയ്യാറാക്കി പ്രവൃത്തിക്കുള്ള സമയ പരിധി നിശ്ചയിക്കുന്നുമില്ല. ആയതിനാൽ 4 മാസം സമയ പരിധി കരാറിൽ നിശ്ചയിച്ചിട്ടുള്ള ചെറിയ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുപോലും കാലതാമസം നേരിടുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം. | പ്രോജക്ട് നമ്പർ/ പ്രവൃത്തിയുടെ പേര് | അടങ്കൽ തുക വർഷം തിരിച്ച് | | എം ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തിയാക്കാനെടുത്ത കാലയളവ് | പ്രവൃത്തിയുടെ വിവരം |
|---|---|---|---|---|---|
| | | 2015-16 | 2016-17 | | |
| 1 | SO 078/16<br>SO138/17, പരുത്തിവിള, മാൻകാലറോഡ് മെറ്റലിങ്ങ് & ടാറിംഗ് | 50000 | 223129 | 9.3.2016 മുതൽ<br>17.12.2016 വരെ | 108 മീറ്റർ നീളം 3 മീ.<br>വീതിയുമുള്ള റോഡ് |
| 2 | SO 066/16<br>SO129/17,<br>ശിവജി റോഡ് സെക്കന്റ് മെറ്റലിംഗ് | 50000 | 413066 | 17.2.2016 മുതൽ<br>16.2.2016 വരെ | 456 മീറ്റർ നീളം<br>3 മീറ്റർ വീതി |
| 3 | SO 121/16 | 100000 | 371000 | 4.3.2016 | 156 |

| | | | | | |
|---|---|---|---|---|---|
| | SO152/17,<br>വിവേകാനന്ദ റോഡ് മെറ്റലിംഗ് | | | മുതൽ<br>20.12.2016 | മീറ്റർ നീളം<br>3 മീറ്റർ വീതി |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് പ്രവൃത്തി പൂർത്തീകരണ കാലാവധിക്കുള്ളിൽ തന്നെ പൂർത്തീകരിച്ചിട്ടുണ്ടെന്നും ബഹുവർഷ പ്രോജക്ട് ആയതിനാൽ തുക നല്കുന്നതിന് കാലതാമസം നേരിട്ടതാണെന്നും ബാഹ്യമായ അളവുകൾ താമസിച്ചാണ് എം.ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്നും അസി.എൻജിനീയർ മറുപടി നല്കിയിട്ടുണ്ട്.

വരുംവർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതെ കൃത്യമായ സമയ പരിധിക്കകത്ത് പ്രവൃത്തികൾ പൂർത്തിയാക്കുന്ന തരത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പണി പൂർത്തീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

ബി) <u>കരാർ ഉടമ്പടി ചുമക്കുന്നതിനുള്ള കാലതാമസം- പിഴ ഈടാക്കിയിട്ടില്ല-പിഴ തുക ഈടാക്കേണ്ടതാണ്</u>

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ (ജി.ഒ(പി).13/2012/P.W.D/1.2.2012 സെക്ഷൻ 2009.6 പ്രകാരം കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ഉടമ്പടി വെക്കേണ്ടതും 14 ദിവസം കഴിഞ്ഞ് ഉടമ്പടി വെച്ചിട്ടില്ലെങ്കിൽ തുടർന്ന് പത്ത് ദിവസം വരെ 1% പിഴയോടുകൂടിയും കരാറുടമ്പടി വെക്കാവുന്നതുമാണ്. എന്നാൽ മരാമത്തുപണികളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന പ്രവൃത്തികളിൽ മേൽ നടപടി ക്രമം പാലിച്ചിട്ടില്ലാ എന്നു കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | പ്രോജക്ട് നമ്പർ | SO071/16<br>SO 132/17 |
| | പ്രവൃത്തിയുടെ പേര് | വവ്വാമൂല ഞാറുവിള ലെയിൻ കോൺക്രീറ്റ് |
| | അടങ്കൽ തുക | 631000.00 |
| | എഗ്രീഡ് PAC | 559634.00 |
| | കോൺട്രാക്ടർ | കിരൺ ആർ |
| | ട്രഷറി ചെക്ക് നമ്പർ | 8506171/തീയതി |

| | | |
|---|---|---|
| | | 27.12.2016 |
| | എഗ്രിമെന്റ് നമ്പർ | AE/VGNR/15-16 dated: 18.1.2016 |
| | ടെണ്ടർ സ്വീകരിച്ച് കത്തയച്ച തീയതി | 21.12.2015 |
| | എഗ്രിമെന്റ് പ്രകാരം കരാർ പിഴ കൂടാതെ ഒപ്പു വെക്കേണ്ട തീയതി | 2.1.2016 |
| | 1%പിഴയോടെ കരാർ വക്കാവുന്ന തീയതി | 11.1.2016 |
| | കരാർ ഒപ്പു വച്ച തീയതി | 18.1.2016 |
| | ചുമത്താവുന്ന പിഴ 1% of agreed PAC | 5596 |
| 2 | പ്രോജക്ട് നമ്പർ | SO046/16<br>SO126/17 |
| | പ്രവൃത്തിയുടെ പേര് | വേടർ കോളനി റോഡ് കോൺക്രീറ്റിംഗ് |
| | അടങ്കൽ തുക | 676000.00 |

| | | |
|---|---|---|
| | | |
| | എഗ്രീഡ് PAC | 608323.00 |
| | കോൺട്രാക്ടർ | ജിജിൻ കുമാർ |
| | ബിൽ നമ്പർ | 18/16-17 തീയതി 20.01.2017 |
| | ടെണ്ടർ സ്വീകരിച്ച് കത്തയച്ച തീയതി | 13.1.2016 |
| | കരാർ പിഴ കൂടാതെ ഒപ്പ് വെക്കേണ്ട തീയതി | 27.01.2016 |
| | 1%പിഴയോടെ കരാർ ഒപ്പ് വെക്കാവുന്ന തീയതി | 8.2.2016 |
| | കരാർ ഒപ്പ് വച്ച തീയതി | 1.2.2016 |
| | ചുമത്താവുന്ന പിഴ 1% of agreed PAC | 6083.00 |
| 3 | പ്രോജക്ട് നമ്പർ | 140/16<br>0161/17 |
| | പ്രവൃത്തിയുടെ പേര് | സ്റ്റേഡിയം റോഡ് റീടാറിംഗ് |
| | അടങ്കൽ തുക | 11,23,000.00 |

| | | |
|---|---|---|
| | എഗ്രീഡ് PAC | 975887.00 |
| | കോൺട്രാക്ടർ | ബിജു.ജി |
| | ബിൽ നമ്പർ | 12/16-17 തീയതി 29.11.2016 |
| | എഗ്രിമെന്റ് നമ്പർ | 22/AE/VGNR/15-16 തീയതി |
| | ടെണ്ടർ സ്വീകരിച്ച് കത്തയച്ച തീയതി | 21.12.2015 |
| | എഗ്രമെന്റ് പ്രകാരം കരാർ പിഴ കൂടാതെ ഒപ്പ് വെക്കേണ്ട തീയതി | 2.1.2016 |
| | 1%പിഴയോടെ കരാർ ഒപ്പ് വെക്കാവുന്ന തീയതി | 11.01.2016 |
| | കരാർ ഒപ്പ് വച്ച തീയതി | 11.01.2016 |
| | ചുമത്താവുന്ന പിഴ | 9758.00 |
| 4 | പ്രോജക്റ്റ് നമ്പർ | SO048/16<br>SO068/17 |
| | പ്രവൃത്തിയുടെ പേര് | രവീന്ദ്രൻനായർ റോഡ് റീടാറിംഗ് |

| | | |
|---|---|---|
| | | |
| | അടങ്കൽ തുക | 519000.00 |
| | എഗ്രീഡ് PAC | 509027 |
| | കോൺട്രാക്ടർ | അനിൽ കുമാർ |
| | ബിൽ നമ്പർ | 19/16-17 തീയതി 23.1.2017 |
| | എഗ്രിമെന്റ് നമ്പർ | 46/AE/VGNR /LSGD/15-16<br>തീയതി 1.2.2016 |
| | സെലക്ഷൻ നോട്ടീസ് അയച്ച തീയതി | 14.1.2016 |
| | പിഴ കൂടാതെ ഒപ്പ വക്കാവുന്ന തീയതി | 27.1.2016 |
| | 1%പിഴയോടെ ഒപ്പ വെക്കാവുന്ന തീയതി | 8.2.2016 |
| | കരാർ ഒപ്പ വച്ച തീയതി | 1.2.2016 |
| | ചുമത്താവുന്ന പിഴ | 5090.00 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് പ്രവൃത്തി ദിവസങ്ങൾ മാത്രം കണക്കുകൂട്ടിയാണ് ഇപ്രകാരം പിഴ ഈടാക്കാതെ കരാർ വെച്ചതെന്നും സെലക്ഷൻ നോട്ടീസിൽ ഇതു

കണക്കാക്കാതെയാണ് തീയതി എഴുതിയതെന്നും അസി:എഞ്ചിനീയർ മറുപടി നല്കി. എന്നാൽ മേൽ പ്രവൃത്തികളിൽ പ്രവൃത്തി ദിവസങ്ങൾ കണക്കാക്കിയാൽ പോലും നിശ്ചിത കാലാവധി കഴിഞ്ഞാണ് കരാർ ചമച്ചിരിക്കുന്നത് എന്ന് കാണാം. ആയതിനാൽ കരാറുകാരിൽ നിന്നും ടി പിഴ തുക (26527/-)ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത തുക അസി:എഞ്ചിനീയറുടെ ബാദ്ധ്യതയായി പുനർ നിർണ്ണയം ചെയ്യുന്നതാണ്.

## 3-11 താമസയോഗ്യമല്ലാത്ത സ്ഥലം പൊന്നും വിലയ്ക്ക് വാങ്ങി- മാർഗ്ഗരേഖ ലംഘനം

പ്രോജക്ട് നമ്പർ - 33/17

പ്രോജക്ട് - വീടുകൾക്ക് വേണ്ടി സ്ഥലം വാങ്ങൽ (എസ്.ഡി)

നിർവ്വഹണം - അസി:സെക്രട്ടറി

ചെലവ് - 42,99,470/-

(1) 3,90,000/-

ബിൽ നമ്പർ 33/17 തീയതി 25.3.2017

(2) 39,09,470/-,

ബിൽ നമ്പർ 33/17, തീയതി 29.3.2017

പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഒന്നാം വാർഡിൽ ഉൾപ്പെട്ട ബ്ലോക്ക് നമ്പർ 30-ൽ ഉൾപ്പെട്ട 20സെന്റ് വസ്തു പട്ടികജാതി വിഭാഗക്കാർക്കായി വാങ്ങുകയുണ്ടായി. തഹസിൽദാരുടെ 13.3.2017-ലെ Possession and Valuation Certificate അനുസരിച്ച് ഒരു ആറിന് 481650/-രൂപ പ്രകാരം നൽകുകയുണ്ടായി. രേഖകൾ പരിശോധിച്ചതിൽ നിന്നും മുൻ ആധാരപ്രകാരം ഈ വസ്തു മുട്ടയ്ക്കാട് ഗ്രീൻവ്യൂ ബഥേൽ എന്ന വീട്ടിൽ താമസിക്കുന്ന കുമാരദാസ് എന്ന വ്യക്തിയിൽ നിന്നും 01.08.2015-ൽ ശ്രീ.നൂഹുവാൻ 34.750സെന്റ് (14.07 ആർ) വസ്തുവും (അഞ്ചു മീറ്റർ സ്വകാര്യ റോഡിൽ കൂടിയുള്ള ഗതാഗതാവകാശത്തോടുകൂടി 31,66,500.00രൂപയ്ക്ക് വാങ്ങിയതായി കാണുന്നു. 01.08.2015-ൽ 31,66,500/-രൂപയ്ക്ക് വാങ്ങിയ വസ്തു കേവലം 19 മാസം കൊണ്ട് ഇത്രയും തുക വ്യത്യാസം ഉണ്ടാകാനുള്ള കാരണം മനസ്സിലാകുന്നില്ല. (34.750 സെന്റ് വസ്തുവിന് 31,66,500/-രൂപ അതിൽ 20 സെന്റ് വസ്തുവിന് 4,81,650/-) ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക മറുപടി നൽകിയിട്ടില്ല

ജി.ഒ(പി)18/98/ത.സ്വ.ഭ.വ തീയതി 12.2.98 പ്രകാരം വൻ പ്രചാരണം നൽകി ഭൂമി നൽകാൻ തയ്യാറായവരിൽ നിന്നും അപേക്ഷ വാങ്ങുകയും, കുറഞ്ഞത് രണ്ട് പത്രങ്ങളിൽ നൽകി പരസ്യം മാനദണ്ഡങ്ങൾ പാലിക്കണമെന്ന രീതി പിൻതുടർന്നില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | ലഭിച്ച തുക | പദ്ധതിയുടെ പേര്/നം. | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| സ്ഥാപനം | | | | |
| സാമൂഹ്യ നീതി വകുപ്പ് | 1031275 | അനുപൂരക പോഷകാഹാരം/ പ്രോജക്റ്റ് നം. 9 | 559158 | 472117 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി, ബാലരാമപുരം | ലൈൻ എക്സ്റ്റൻഷൻ | RTGS | 3475 | 3475 | 0 |
| 2 | കെ.എസ്.ഇ.ബി, കോട്ടുകാൽ | ലൈൻ എക്സ്റ്റൻഷൻ | RTGS | 126979 | 126979 | 0 |
| 3 | കെ.എസ്.ഇ.ബി, വിഴിഞ്ഞം | ലൈൻ എക്സ്റ്റൻഷൻ | RTGS | 443275 | 443275 | 0 |
| 4 | കെ.ഡബ്ല്യൂ.എ, നെയ്യാറ്റിൻകര | അംഗൻവാടി പൈപ്പ് ലൈൻ | RTGS | 92282 | 92282 | 0 |
| 5 | കെ.ഡബ്ല്യൂ.എ, | അംഗൻവാടി പൈപ്പ് ലൈൻ | RTGS | 60000 | 60000 | 0 |
| 6 | പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ | ബഡ്സ് സ്കൂൾ വയറിംഗ് | RTGS | 235000 | 235000 | 0 |
| 7 | പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ | ആയുർവേദ ആശുപത്രി | RTGS | 200000 | 200000 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഡിവിഷൻ | വയറിംഗ് | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ് ഭവന പദ്ധതി | സ.ഉ(കൈ) നം.831/2010 ത.സ്വ.ഭ.വ തീയതി 11.03.2010 | 21096000 | 5105613 | 409600 | - | 4696013 |

തൻവർഷം അടവാക്കിയ തുക ധനകാര്യപത്രികയിൽ അക്കൗണ്ട് ഹെഡ് മാറിയാണ് ചേർത്തിരിക്കുന്നത്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 70569352.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 72191839.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 6500.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 26527.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 106844.00 |

*(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

*ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-4 | 6844 | ശ്രീമതി.ഹരിപ്രിയ ദേവി, കൃഷി ഓഫീസർ |
| 3-8 | 1,00,000 | ഡോ. വഷിത, ഗുണസെൽവി,<br>മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

6500/-രൂപ

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എസ്സ്പ്രേം,<br>സെക്രട്ടറി | - | ഹൈമം, പ്ലാവിള, ഊരൂട്ടമ്പലം പി.ഒ |
| ശ്രീ.രാജേഷ്,<br>അസിസ്റ്റന്റ് എൻജിനീയർ | - | രേവതി ഹൗസ് കൊട്ടുങ്ങാനൂർ.പി.ഒ, കലശേഖരം |

## 4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്</u>

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച | തീർപ്പാക്കാൻ | റിമാർക്സ് |
|---|---|---|---|

| വർഷം | ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | |
|---|---|---|---|
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.3/264/2014<br>തീയതി 04.07.2014 | 8 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.3/1951/2014<br>തീയതി.04.07.2014 | 14 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി.3/346/2014<br>തീയതി.04.07.2014 | 9 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.3/637/2014<br>തീയതി.08.04.2014 | 16 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.3/371/2010<br>തീയതി.16.07.2011 | 16 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.3/372/2010<br>തീയതി.05.10.2012 | 20 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.3/2287/2011<br>തീയതി.07.03.2014 | 9 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി 3/588/2014<br>തീയതി.04.04.2014 | 10 | |
| 2010-11<br>&<br>2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.3/170/2014<br>തീയതി.11.02.2014 | 15 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.3/1064/2014<br>തീയതി.04.04.2014 | 20 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/673/2015<br>തീയതി.05.08.2015 | 17 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/79/2016<br>തീയതി.04.02.2016 | 39 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/2015/2016<br>തീയതി.24.11.2016 | 19 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2016–17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2016–17-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

## ന്യൂനതകളുടെസംഗ്രഹം

1. വസ്തുനികുതി സംബന്ധിച്ച് സഞ്ചയ സോഫ്റ്റ്വെയറിലെ തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.
2. തൻവർഷം നിരവധി നിർമ്മാണ പ്രവൃത്തികൾ, റോഡ് കോൺക്രീറ്റ്. ടാറിംഗ് മുതലായവ നടപ്പാക്കിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല.
3. വരവ് ചെലവ് പത്രിക പ്രകാരം വരവിനേക്കാൾ കൂടുതൽ ചെലവ് വരുന്നു (വ്യത്യാസം-16,31,726/-)
4. 2015-16-ലെ general ledger trial balance-ലെ "excess of income over expenditure" നീക്കിയിരിപ്പ് തുക (15526251) 2016-17 general ledger trial balance-ലെ excess of income over expenditure' മുന്നിരിപ്പ് തുകയുമായി (18157873) പൊരുത്തപ്പെടുന്നില്ല.
5. EMS ലോൺ അടവാക്കിയ 4,09,600/-രൂപ ഹെഡ് മാറി RP-18-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

സംസ്ഥാന ഓഡിറ്റ് വകുപ്പ്.